**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3510** **26-10-2021 - ൽ മറുപടിയ്ക്ക്**

**ധനുവച്ചപുരം ഐ.എച്ച്.ആർ.ഡി., വെള്ളറട യു.ഐ.ടി. കോളേജുകളിൽ പുതിയ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ ധനുവച്ചപുരത്ത് സ്ഥിതി ചെയ്യുന്ന ഐ.എച്ച്.ആർ.ഡി., വെള്ളറട യു.ഐ.ടി. കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ധനുവച്ചപുരം കോളേജ് ഓഫ് അപ്ളൈഡ് സയൻസിൽ നിലവിലുള്ള കോഴ്സുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യം മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. എന്നാൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. വെള്ളറട യു.ഐ.ടി കോളേജിൽ പുതിയ കോഴ്സ് അനുവദിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത കോളേജുകൾക്ക് പുതുതായി കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ ധനുവച്ചപുരത്ത് പ്രവർത്തിച്ചു വരുന്ന കോളേജ് ഓഫ് അപ്ളൈഡ് സയൻസിന് സർക്കാർ അനുവദിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഒരു വ്യവഹാരം ബഹു. നെയ്യാറ്റിൻകര മുൻസിഫ് കോടതി മുമ്പാകെ നിലനിന്നിരുന്നതിനാൽ കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ കഴിഞ്ഞിരുന്നില്ല. പ്രസ്തുത കേസ് ഇപ്പോൾ വാദി പരാതി പിൻവലിച്ചതിനെ തുടർന്ന് തീർപ്പായി ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. വെള്ളറട യു.ഐ.ടി കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | പ്രസ്തുത കോളജുകളിൽ തൊഴിൽ സാധ്യതയുള്ള പുതിയ ബിരുദ, ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ധനുവച്ചപുരം ഐ.എച്ച്.ആർ.ഡി കോളേജിൽ അടിസ്ഥാനസ്ഥല സൗകര്യം ലഭിക്കുന്ന മുറയ്ക്ക് തൊഴിൽ സാധ്യതയുള്ള പുതിയ ബിരുദ, ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. വെള്ളറട യു.ഐ.ടി കോളേജിൽ പുതിയ കോഴ്സ് അനുവദിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ